## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1374

06.03.2020- ൽ
മറുപടിയ്ക്ക്

### പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് കുളം നിർമിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**
**ശ്രീ.മുഹമ്മദ് മുഹസിൻ.പി**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) ഇന്ത്യയിലെ മികച്ച കാർഷിക ഗവേഷണ കേന്ദ്രമായ പട്ടാമ്പി പ്രാദേശികകാർഷിക ഗവേഷണകേന്ദ്രത്തിന് വേനൽക്കാലത്ത് ജലസേചനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തത് ഗവേഷണത്തെ സാരമായിബാധിക്കുന്നു എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

ബി) കെ.എൽ.ഡി.ബി.യുടെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഗവേഷണ കേന്ദ്രത്തിന് ഒരു വലിയ ജലാശയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

**(എ) യും (ബി) യും**

പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ലഭ്യമായ സൗകര്യങ്ങൾ ക്രമാനുഗതമായി വികസിപ്പിച്ചുകൊണ്ടാണ് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്രത്തിന്റെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാനിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്ന തിനുള്ള പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ആർ.കെ.വി.വൈ.യ്ക്ക് ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി (കുളം നിർമ്മിച്ച് പമ്പ് സെറ്റ് വെയ്ക്കാൻ) 152 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയും പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ